**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3222** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്രൈമറി അധ്യാപകരുടെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിഭാഗത്തിലേക്ക് അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരുടെ പ്രമോഷൻ എത്ര ശതമാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | പ്രൈമറി അദ്ധ്യാപക തസ്തികയിൽ നിന്ന് ഹൈസ്കൂൾ വിഭാഗത്തിലേക്ക് 15% ബൈട്രാൻസ്ഫർ പ്രൊമോഷന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലേക്ക് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷന് 20% ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലേക്ക് യോഗ്യരായ പ്രൈമറി അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി പ്രൊമോഷൻ നടത്തി വരുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 04/07/2022 ൽ പൂർണ്ണമായി പൂർത്തിയാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരായവരെ ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിലുള്ള നിയമനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | പ്രൈമറി അദ്ധ്യാപക തസ്തികയിൽ നിന്ന് ഹൈസ്കൂൾ വിഭാഗത്തിലേക്ക് 15% ബൈട്രാൻസ്ഫർ പ്രൊമോഷന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലേക്ക് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷന് 20% ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലേക്ക് യോഗ്യരായ പ്രൈമറി |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി പ്രൊമോഷൻ നടത്തി വരുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 04/07/2022 ൽ പൂർണ്ണമായി പൂർത്തിയാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരായവരെ ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ